എത്തിയ അക്രമിസംഘം പ്രിൻസിന്റെയും ജോസിന്റെയും വീടുകൾ കയറി ആക്രമിക്കുകയാണുണ്ടായത്. കൊടുവാളും മറ്റ് മാരകായുധങ്ങളുമായി എത്തിയ ആക്രമികൾ വീടിന്റെ വാതിലുകൾ ചവിട്ടിപ്പൊളിച്ച് കൊലവിളി നടത്തി ആക്രമിക്കുകയാണുണ്ടായത്. പ്രിൻസിന്റെ കാൽമുടമ്പ് അറ്റുപോയിട്ടുണ്ട്. കാലുകളിൽ ആഴത്തിലുള്ള മുറിവുകളും ഉണ്ട്. വ്യാഴാഴ്ചയായിരുന്നു പ്രിൻസിന്റെ വിവാഹം. വിവാഹത്തിന്റെ മൂന്നാം നാളിലാണ് നവവധുവിന്റേയും ബന്ധുക്കളുടേയും മുന്നിൽവച്ച് പ്രിൻസിനെ കൾമലൻമാർ വെട്ടിനുറുക്കിയത്. പ്രിൻസിനെ കൊല്ലാനായിരുന്നു ആക്രമികളുടെ ശ്രമം. ഭാഗ്യംകൊണ്ടാണ് രക്ഷപ്പെട്ടത്. ജോസിന്റെ വീട്ടിലും ഇതുപോലെതന്നെയായിരുന്നു അക്രമം. തടയാൻ ചെന്ന സ്ത്രീകളെയും കുട്ടികളെയും ആക്രമികൾ വെറുതെ വിട്ടില്ല. ബഹളം കേട്ട് ഓടിയെത്തിയ നാട്ടുകാരേയും ആക്രമികൾ ആക്രമിച്ചു. രാവിലെ മൂന്നര മണിയോടെയാണ് കാഞ്ഞങ്ങാടുനിന്നുമെത്തിയ പോലീസ് സംഘം പരിക്കു പറ്റിയവരെ ആശുപത്രിയിലെത്തിച്ചത്. ഈ അക്രമി സംഘം അവിടെ സ്ഥിരമായി പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരാണ്. ഈ കാര്യം വളരെ ഗൗരവമായി എടുത്ത് അക്രമി സംഘത്തെ അമർച്ച ചെയ്യാൻ ആവശ്യമായ നടപടി ഉണ്ടാകണമെന്നും അതുപോലെ ഇതു സംബന്ധിച്ച് കേസന്വേഷണം കാര്യമായി നടത്തണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 4.3.2000-ന് രാത്രി കാസർഗോഡ് കൊട്ടോടി ക്രിസ്ത്യൻ പള്ളിക്കു സമീപംവച്ചുണ്ടായ വാക്കുതർക്കത്തെത്തുടർന്ന് സി.പി.ഐ. (എം) അനുഭാവികളായ ജോൺസൺ, രാജു, നാസർ, ബിജു, ശശി എന്നിവരെ ഏതാനും ബി.ജെ.പി. കാർ ചേർന്ന് മർദ്ദിച്ച് പരിക്കേല്പിച്ചു. ഗുരുതരമായി പരിക്കേറ്റ ജോൺസൺ കാഞ്ഞങ്ങാട് സർജി കെയർ ആശുപത്രിയിൽ ചികിത്സയിലാണ്. ഇതു സംബന്ധിച്ച് രാജപുരം പോലീസ് സ്റ്റേഷനിൽ അഞ്ച് ബി.ജെ.പി. പ്രവർത്തകർക്കെതിരെ ക്രൈം 51/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്നേദിവസം രാത്രി സി.പി.ഐ.(എം) അനുഭാവികളാണ് ശശിയെ കൊട്ടോടിയിൽ വച്ചും പ്രിൻസ്, ജോസ് എന്നിവരെ ചിറ്റാക്കൽ വച്ചും ബി.ജെ.പി. പ്രവർത്തകർ അക്രമിച്ച് ഗുരുതരമായി പരിക്കേല്പിച്ചു. ഇവരും ചികിത്സയിലാണ്. ഇതു സംബന്ധിച്ച് രാജപുരം പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അനിഷ്ട സംഭവം ഒഴിവാക്കുന്നതിന് പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തുകയും പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഇതേത്തുടർന്ന് ഈ പ്രദേശത്ത് സമാധാനം നിലനിർത്താനും പൊതുജനങ്ങൾക്ക് സൈര്യജീവിതം ഉറപ്പുവരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) ചേർപ്പിലെ എട്ടുമുനയിൽ സുബിൻ എന്ന ആളിന്റെ മരണം

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒരു ചെറുപ്പക്കാരൻ ഡൽഹിയിൽ കൊലചെയ്യപ്പെട്ട സംഭവത്തെകുറിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ചേർപ്പിൽ കരുവന്നൂർ എട്ടുമുനയിൽ താസമിക്കുന്ന ശ്രീ. കെ.പി. ധർമ്മപാലന്റെ മകൻ സുബിൻ മരണപ്പെട്ട സംഭവത്തെക്കുറിച്ച് ഗൗരവപൂർവം അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുന്നതിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വിദ്യാസമ്പന്നനും ജനങ്ങൾക്കാകെ പ്രിയങ്കരനുമായ സുബിന് രണ്ടു മാസം മുമ്പാണ് ജെ.കെ.

LIBRARY ARCHIVES Kerala Legislative Assembly

ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എന്ന കമ്പനിയിൽ ഉദ്യോഗം ലഭിച്ചത്. തുടർന്ന് അദ്ദേഹത്തെ യു.പി.യിലെ ഗജറോളയിൽ കമ്പനിയുടെ ട്രെയിനിംഗി നായി വിളിച്ചിരുന്നു. രണ്ട് ആഴ്ചത്തെ ട്രെയിനിംഗ് പൂർത്തിയാക്കി നാട്ടി ലേയ്ക്ക് തിരിച്ചു വരാൻ ഒരുങ്ങുമ്പോഴാണ് സുബിന്റെ ദാരുണമായ മരണം ഉണ്ടായത്. 2000 ഫെബ്രുവരി 19-ാം തീയതി ഡൽഹി-കാശ്മീരി ഗേറ്റ് പോലീസ് സ്റ്റേഷന് അതിർത്തിയിൽപ്പെട്ട ഇന്റർ സ്റ്റേറ്റ് ബസ് ടെർമിനലിന് അരികെയുള്ള സൂര്യാ നഗർ പാർക്കിൽ സുബിനെ കമ്പിയിൽ തൂക്കിയിട്ട നില യിൽ കാണപ്പെടുകയായിരുന്നു. ഗജറോള നാഷണൽ ഹൈവേ റോഡിലുള്ള ഹോട്ടൽ വസന്തിലായിരുന്നു സുബിൻ അതുവരെ താമസിച്ചിരുന്നത്. ഡൽഹി യിൽ പോസ്റ്റുമോർട്ടം നടത്തിയെങ്കിലും റിപ്പോർട്ട് കിട്ടിയിട്ടില്ല. ബോഡി നാട്ടിൽ കൊണ്ടുവന്ന്, ബന്ധുക്കൾ ആവശ്യപ്പെട്ടതനുസരിച്ച് വീണ്ടും തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് റീ-പോസ്റ്റ്മോർട്ടം നടത്തുകയു ണ്ടായി. വെടിയേറ്റാണ് സുബിൻ കൊലചെയ്യപ്പെട്ടതെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത്. ചേർപ്പ് പോലീസ് ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡൽഹിയിലെ പോസ്റ്റുമോർട്ടം റിപ്പോർട്ട് ഇനിയും കിട്ടാത്തതു കൊണ്ട് ഡൽഹിയിൽ കാര്യങ്ങൾ കൂടുതൽ അറിയില്ല. എന്നാൽ ഡൽഹി യിലെ ഒരു ടീം പോലീസ് ഉദ്യോഗസ്ഥന്മാർ കഴിഞ്ഞ ദിവസം സുബിന്റെ വീട്ടിൽ വരികയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. നാട്ടിൽ ഇപ്പോൾ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് ജനങ്ങൾ വലിയൊരു പ്രക്ഷോഭ ത്തിലേയ്ക്ക് നീങ്ങുകയാണ്. ലോക്കൽ പോലീസ് നടപടി എടുത്തിട്ടുണ്ടെ ങ്കിലും ഡൽഹിയിലെ സംഭവമായതുകൊണ്ട് ഗവണ്മെന്റ് തന്നെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, മഞ്ചേരി ജെ.കെ. ഫാർമ സ്യൂട്ടിക്കൽസിൽ റെപ്രസെന്റേറ്റീവ് ആയിരുന്ന തൃശൂർ കണ്ണാനംപറമ്പിൽ സുബിൻ 2000 ഫെബ്രുവരി 6 മുതൽ 18 വരെ നടക്കുന്ന ഒരു ട്രെയിനിംഗിൽ പങ്കെടുക്കാനായി ഗജറോളയിൽ പോയി. സുബിന്റെ മൃതശരീരം 18.2.2000-ന് പരിക്കുകളോടെ ന്യൂഡൽഹി-കാശ്മീരി ഗേറ്റിനടുത്ത് കാണപ്പെട്ടു. ഇതു സംബന്ധിച്ച് ന്യൂഡൽഹി കാശ്മിരി ഗേറ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 75/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സുബിന്റെ മരണത്തിൽ സംശയമുള്ളതായി കാണിച്ച് സുബിന്റെ ചെറിയച്ഛൻ നൽകിയ പരാതിയെ തുടർന്ന് ചേർപ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം 44/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. ന്യൂഡൽഹിയിൽനിന്നും കൊണ്ടുവന്ന മൃത ദേഹം തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് മെഡിക്കൽ ടീം വീണ്ടും പോസ്റ്റുമോർട്ടം പരിശോധന നടത്തുകയും ചെയ്തു. വെടിയേറ്റാണ് സുബിൻ മരിച്ചതെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറയുന്നു. സംഭവസ്ഥലം ന്യൂഡൽഹി ആകയാൽ കേസ് കാശ്മീരി ഗേറ്റ് പോലീസ് സ്റ്റേഷന് കൈമാറു കയും ന്യൂഡൽഹിയിലെ ഒരു സംഘം പോലീസ് ഉദ്യോഗസ്ഥൻമാർ തൃശൂ രിൽവന്ന് അന്വേഷണം നടത്തിവരികയുമാണ് ചെയ്യുന്നത്.

(4) പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിന്റെ സമരം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കേരളാ സ്റ്റേറ്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടേഴ്സ് പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സെക്രട്ടേറിയറ്റിനുമുന്നിൽ ഒരു സമരം നടത്തിവരികയാണ്. 700-ൽപ്പരം ആളു കളുടെ ഒരു പി.എസ്.സി. ലിസ്റ്റ് ഇപ്പോൾ പെൻഡിംഗിലാണ്. അതിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly